# കേരള ലേബർ മൂവ്മെന്റ് (K.L.M)

## കോതമംഗലം രൂപത

## തയ്യൽ തൊഴിലാളി ക്ഷേമനിധി

മാന്യരേ,

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ജാതിമത ഭേദമന്യേ തയ്യൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ ക്ഷേമനിധിയിൽ ചേർക്കുന്നു. ഏവർക്കും ഹൃദ്യമായ സ്വാഗതം.

ഫാ. അരുൺ വലിയതാഴത്ത്

ഡയറക്ടർ K.L.M

**അംഗത്വത്തിന് അർഹതയുള്ളവർ**

18 വയസ്സ് പൂർത്തിയാകുകയും എന്നാൽ 57 വയസ്സ് പൂർത്തിയായിട്ടില്ലാതിരി ക്കുകയു മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാതിരിക്കുകയും മൂന്നുവർഷത്തിൽ കുറയാതെ തയ്യൽജോലിയിലോ എംബ്രോയിഡറി ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവർക്കും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുയും ചെയ്യുന്ന ഏതൊരു തയ്യൽ തൊഴിലാളിക്കും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആൾക്കും ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കാവുന്നതാണ്. ഫാഷൻ ടെക്നോളജി യുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരെ അംഗങ്ങളാക്കുന്നത് പരിഗണിക്കുന്നുണ്ട്.

**നിബന്ധനകൾ**

തൊഴിലാളിയുടെ 3 പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ്സ് തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) റേഷൻ കാർഡിന്റെ കോപ്പി എന്നിവ ഹാജരാക്കണം. തൊഴിൽപരിചയ സർട്ടിഫിക്കറ്റ് **K.L.M** നൽകും. 20 രൂപ വീതം പ്രതിമാസവിഹിതം ബാങ്കിൽ അടയ്ക്കണം

**ആനുകൂല്യങ്ങൾ**

1). അംഗം ആകെ അടച്ച പ്രതിമാസവിഹിതം പലിശസഹിതം 60 - ാം വയസ്സിൽ തിരികെ ലഭിക്കുന്നു.

**2). പെൻഷൻ**

മൂന്നു വർഷമെങ്കിലും ക്ഷേമനിധിയിൽ അംഗത്വമുള്ളവരും 60 വയസ്സ് തികഞ്ഞവരുമായ തൊഴിലാളികൾക്ക് 300 രൂപ പെൻഷൻ (മിനിമം) അർഹത ഉണ്ടായിരിക്കുന്നതാണ്. മറ്റുള്ളവർക്ക് സർവ്വീസ് കാലയളവനുസരിച്ച് പെൻഷൻ ലഭിക്കുന്നതാണ്.

**3). അവശതാ പെൻഷൻ**

മാരകരോഗം പിടിപെട്ടോ, അംഗവൈകല്യം മൂലമോ ജോലി ചെയ്യുവാൻ കഴിയാത്ത സ്ഥിരമായ അവശത അനുഭവിക്കുന്ന തൊഴിലാളികൾക്ക് അവശത പെൻഷൻ മരണം വരെ ലഭിക്കുന്നതാണ്.

4). മറ്റ് ആനുകൂല്യങ്ങൾ

കുടുംബ പെൻഷൻ, വിവാഹസഹായം, പ്രസവധനസഹായം, മരണാനന്തരസഹായം, വിദ്യാഭ്യാസ സഹായം എന്നിവയും അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.

**വിശദ വിവരങ്ങൾക്ക് മൂവാറ്റുപുഴ നെസ്റ്റിലുള്ള കെ. എൽ. എം രൂപതാ ഓഫീസുമായോ താഴെപ്പറയുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.**

**ഫോൺ: 9497460825, 9446609987**